**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - കൊച്ചി നഗരസഭയിലെ ഒന്നാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സായ ശ്രീമതി. സുജ. പി. സൈമൺ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. (ഇ.കെ.എം.) 1255/2017 ൽ 02.04.2018 തീയതിയിലുണ്ടായ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം. 1750/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 27.06.2018

പരാമർശം : 1) കൊച്ചി നഗരസഭയിലെ ഒന്നാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സായ ശ്രീമതി. സുജ. പി. സൈമൺ സർക്കാരിൽ സമർപ്പിച്ച 14.02.2018 തീയതിയിലെ അപ്പീൽ അപേക്ഷ. (Annexure A3)

2) ശ്രീമതി. സുജ. പി. സൈമൺ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. (ഇ.കെ.എം.) 1255/2017 ൽ 02.04.2018 തീയതിയിലുണ്ടായ വിധിന്യായം.

3) നഗരകാര്യ ഡയറക്ടറുടെ 15.05.2018 തീയതിയിലെ ഇ 5-16696/17 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരസഭയിൽ ഒന്നാംഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ആയിരുന്ന ശ്രീമതി. സുജ. പി. സൈമണിനെ 20.05.2017 ലെ ഉത്തരവു പ്രകാരം നഗരകാര്യ ഡയറക്ടർ കോട്ടയം നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റുകയുണ്ടായി. പ്രസ്തുത ഉത്തരവിനെ ടിയാൾ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം.) 1255/17 ലെ 28.06.2017-ലെ താല്ക്കാലിക ഉത്തരവ് പ്രകാരം ശ്രീമതി. സുജ. പി സൈമണിനെ സ്ഥലംമാറ്റിയ ഉത്തരവ് സ്റ്റേ ചെയ്തിരുന്നു. കൂടാതെ നഗരകാര്യ ഡയറക്ടറുടെ ഉത്തരവിനെതിരെ ശ്രീമതി. സുജ.പി. സൈമൺ പരാമർശം 2 പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയുമുണ്ടായി.

2. പ്രസ്തുത ഒ.എ. യിലെ 02.04.2018 -ലെ അന്തിമ വിധിയിൽ ഇപ്രകാരം ഉത്തരവായി.

In view of the facts stated above, the Original Application is disposed of directing the first respondent to consider and pass appropriate orders on Annexure A3 appeal after affording an opportunity of personal hearing to the applicant as well as the additional 4th respondent. The first respondent shall consider the comparative merits of the applicant and the 4th respondent for retention in Cochin Corporation and pass appropriate orders thereon within a period of two months from the date of receipt of a copy of this order. The applicant will be permitted to continue in Cochin Corporation till the issuance of final orders on Annexure A3 appeal. All the contentions in the Original Application are left open to be agitated before the first respondent.

3. ശ്രീമതി. സുജ.പി.സൈമൺ സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ പ്രകാരം തന്റെ ഭർത്താവ് വിദേശത്താണെന്നും 2 1/2 വയസ്സുള്ള കുഞ്ഞുണ്ടെന്നും 74 വയസ്സുള്ള പിതാവിന് കാൻസർ രോഗമാണെന്നും വയസ്സായ അമ്മ തന്റെ സംരക്ഷണയിലാണെന്നും അറിയിച്ചിരുന്നു. താൻ 2013 മുതൽക്കാണ് കൊച്ചി കോർപ്പറേഷനിൽ തുടർന്നു വരുന്നതെന്നും തന്നേക്കാൾ കൂടുതൽ വർഷം കൊച്ചി കോർപ്പറേഷനിൽ ജോലി നോക്കുന്നവർ ഇപ്പോഴും അവിടെ തുടരുകയാണെന്നും അതിനാൽ 20.05.2017 ലെ നഗരകാര്യ ഡയറക്ടറുടെ ഉത്തരവ് റദ്ദാക്കി തന്നെ കൊച്ചി കോർപ്പറേഷനിൽ തുടരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. തന്നെക്കാൾ സീനിയറായ ശ്രീമതി. നിഷാ ചന്ദ്രൻ, മിനി പി.പി., മിനി പി.റ്റി., അമ്മിണി എൻ.എ., സാവിത്രി കെ.പി. ജിബി കെ.എസ്. മുതലായവർ ടി നഗരസഭയിൽ തുടർന്നു വരുന്നതായും ടിയാളുടെ നിവേദനത്തിൽ അറിയിക്കുകയുണ്ടായി.

4. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം തദ്ദേശ സ്വയം ഭരണ അഡീഷണൽ സെക്രട്ടറി, 15.05.2018-ന് അപേക്ഷകയുടെ പ്രതിനിധിയായ അഭിഭാഷകനെ നേരിൽ കേൾക്കുകയുണ്ടായി. അപേക്ഷകയെയും നാലാം എതിർകക്ഷിയെയും കൊച്ചി കോർപ്പറേഷനിൽ തന്നെ നിയമിച്ച ഡയറക്ടർ ഉത്തരവായിട്ടുണ്ടെന്നും അതിനാൽ സർക്കാരിൽ നിന്നും ഇക്കാര്യത്തിൽ ഉത്തരവുകളൊന്നും ആവശ്യമില്ലായെന്നും അറിയിച്ചു. 4-ാം എതിർകക്ഷിയായ ശ്രീമതി. പി.പി. സജിതയെ മനുഷ്യാവകാശ കമ്മീഷന്റെ HRMP 12580/17 എന്ന നമ്പരിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറുടെ 05.05.2018-ലെ ഇ 5-983/18 എന്ന ഉത്തരവു പ്രകാരം കൊച്ചി നഗരസഭയിൽ തിരികെ നിയമിച്ചിട്ടുണ്ടെന്നും അതിനാൽ നേരിൽ കേൾക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച 25.02.2017-ലെ സ.ഉ(പി) നം.03./17 ഉ.ഭ.പ.വ -യിലെ ഖണ്ഡിക 4(iii) പ്രകാരം ജീവനക്കാരന്റെ ഭാര്യയ്ക്കോ (ജീവനക്കാരിയാണെങ്കിൽ ഭർത്താവിനോ) ഗുരുതരമായ രോഗം പിടിപെട്ടതും ജീവനക്കാരനെ പൂർണ്ണമായും ആശ്രയിച്ചു കഴിയുന്നതുമായി മകനോ മകൾക്കോ മാതാവിനോ പിതാവിനോ ജീവനക്കാരന്റെ / ജീവനക്കാരിയുടെ സാന്നിദ്ധ്യവും പരിചരണവും അത്യന്താപേക്ഷിതമാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വകുപ്പതലവൻ സാക്ഷ്യപ്പെടുത്തുന്ന പക്ഷം അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച് സ്ഥലംമാറ്റം നല്കാവുന്നതാണ്.

6. മേൽ രണ്ടുപേരുടെയും കാര്യം പരിഗണിച്ചതിൽ ശ്രീമതി. സജിത പി.പി.യുടെ മകന് AHAD (Hyper Activity) അസുഖം ഉള്ളതിനാലാണ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ടിയാളെ കൊച്ചി കോർപ്പറേഷനിൽ തിരികെ നിയമിച്ച് ഡയറക്ടർ ഉത്തരവായത്. എന്നാൽ ശ്രീമതി. സുജ. പി. സൈമൺ-ന്റെ കുടുംബാംഗങ്ങൾക്ക് മാരക രോഗമുണ്ടെന്നത് തെളിയിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ അനുകമ്പാർഹ സാഹചര്യമായി പരിഗണിക്കാൻ കഴിയുകയില്ല. അതിനാൽ ശ്രീമതി. സുജ.പി. സൈമൺ. നാലാം കക്ഷിയായ ശ്രീമതി. സജിത.പി.പി എന്നിവരുടെ അർഹത പരിഗണിക്കുമ്പോൾ ശ്രീമതി. സജിതയ്ക്കാണ് നിലവിലുള്ള ആനുകൂല്യത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി കോർപ്പറേഷനിൽ തുടരാൻ അർഹതയുള്ളത്. മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സജിതയെ കൊച്ചി കോർപ്പറേഷനിൽ തിരികെ നിയമിച്ച് ഡയറക്ടർ ഉത്തരവാകുകയും അവിടെ ജോലി ചെയ്തു വരികയുമാണ്. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ താൽക്കാലിക ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സുജ പി. സൈമൺ കൊച്ചി കോർപ്പറേഷനിൽ തുടർന്നു വരികയാണ്. ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സുജ പി സൈമൺ, ശ്രീമതി. പി.പി. സജിത എന്നിവരുടെ കൊച്ചി കോർപ്പറേഷനിൽ തുടരാനുള്ള അർഹത പരിശോധിക്കുമ്പോൾ സജിതയാണ് കൂടുതൽ അർഹയെന്നു കാണുന്നു. അടുത്ത പൊതുസ്ഥലംമാറ്റ സമയത്ത് സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ പരിശോധിച്ച് ശ്രീമതി. സുജ.പി. സൈമണിന്റെ സ്ഥലംമാറ്റം പരിഗണിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം 2-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്,**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. സുജ.പി. സൈമൺ, ഒന്നാം ഗ്രേഡ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ഗ്രേഡ് 1, കൊച്ചി നഗരസഭ.
ശ്രീമതി. പി. പി. സജിത, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, കൊച്ചി കോർപ്പറേഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**